കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2000 ഫെബ്രുവരി 25, വെള്ളി

വാല്യം: 110 ഔദ്യോഗിക റിപ്പോർട്ട് നമ്പർ 6

നിയമസഭ 2000 ഫെബ്രുവരി മാസം 25-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

മി. സ്പീക്കർ : ഓർഡർ.....ഓർഡർ.....ചോദ്യം *121

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

1 (*121) വനിതകൾക്കുള്ള സ്വയംതൊഴിൽ പദ്ധതി

ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള സുപ്രധാന ഘടകമെന്ന നിലയിൽ സ്ത്രീകൾക്കുള്ള സ്വയംതൊഴിൽ പദ്ധതികൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കിവരുന്നുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത് എന്ന് വിശദമാക്കുമോ;

(സി) സ്വയംതൊഴിൽ കണ്ടെത്തുന്ന വനിതകൾക്ക് ഈ പദ്ധതി പ്രകാരം എന്തെല്ലാം സഹായങ്ങളാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നൽകുന്നതെന്ന് വെളിപ്പെടുത്തുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയ്ക്കുവേണ്ടി പിന്നോക്ക സമുദായ ക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) നടപ്പ് സാമ്പത്തികവർഷം മുതൽ സ്വർണ്ണജയന്തി ഗ്രാമ സ്വറോസ്ഗാർ യോജന(എസ്.ജി.എസ്.വൈ) എന്ന പേരിൽ ഒരു പുതിയ കേന്ദ്രാവി

LIBRARY ARCHIVES Kerala Legislative Assembly

ഷ്ക്കൃത സ്വയം തൊഴിൽ പദ്ധതി ബ്ലോക്ക് പഞ്ചായത്തുകൾവഴി നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതിയുടെ 40% ശതമാനം ഗുണഭോക്താക്കൾ സ്ത്രീകളായിരിക്കും. ഇതിനുപുറമേ കേന്ദ്ര സർക്കാരിന്റേയും ദേശീയ കാർഷിക വികസന ബാങ്കിന്റേയും സഹായത്തോടെ കേരള സർക്കാർ നടപ്പിലാക്കിവരുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പ്രോജക്ടായ കുടുംബശ്രീ പദ്ധതിയും നിലവിലുണ്ട്. ഇതിനു പുറമേ ജനകീയാസൂത്രണ പദ്ധതിപ്രകാരം തദ്ദേശ ഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ 10% ശതമാനം തുക സ്ത്രീകൾക്കുവേണ്ടിയുള്ളതാണ്. ഇതിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സ്ത്രീകൾക്കുവേണ്ടിയുള്ള സ്വയംതൊഴിൽ പരിപാടിക്കാണ് മുൻഗണന നൽകുന്നത്.

(സി) എസ്.ജി.എസ്.വൈ. പ്രകാരം വ്യക്തിഗത തൊഴിൽസംരംഭകർക്ക് വായ്പാ സബ്സിഡി, പരിശീലനം എന്നിവ നൽകുന്നുണ്ട്. കൂടാതെ സ്ത്രീകളുടെ സ്വയംസഹായ സംഘങ്ങൾ സംഘടിപ്പിക്കുന്നതിനും സാമ്പത്തിക പരിപാടികൾ ഏറ്റെടുക്കുന്നതിന് വായ്പാ സബ്സിഡി, പരിശീലനം എന്നിവയ്ക്കു പുറമേ റിവോൾവിംഗ് ഫണ്ട് നൽകാനും വ്യവസ്ഥയുണ്ട്.

കുടുംബശ്രീ പദ്ധതിപ്രകാരം ദരിദ്രരായ സ്ത്രീകളെ ചേർത്ത് തദ്ദേശഭരണസ്ഥാപനങ്ങളിലെ അയൽകൂട്ടങ്ങൾ വഴി സ്വയംസഹായ ഗ്രൂപ്പുകൾ രൂപീകരിച്ച് അവയെ വർക്ക് തലത്തിൽ യോജിപ്പിച്ച് പ്രാദേശിക സംഘങ്ങൾ രൂപീകരിക്കുന്നു. ഈ വികസന സംഘങ്ങൾ ദാരിദ്ര്യ നിർമ്മാർജ്ജന ഉപ പദ്ധതികൾ തയ്യാറാക്കുന്നു. വരുമാനം വർദ്ധിപ്പിക്കുവാൻ പാവപ്പെട്ടവരായ സ്ത്രീകൾക്കും പുരുഷൻമാർക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, പാവപ്പെട്ടവർക്ക് ഭവന നിർമ്മാണം, ശുചിത്വമുള്ള കക്കൂസുകളുടെ നിർമ്മാണം, സാമൂഹ്യ ജലവിതരണം, സാക്ഷരതാ കേന്ദ്രങ്ങൾ, തൊഴിൽ വൈദഗ്ധ്യം മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലന പരിപാടികൾ, നഗര പ്രദേശങ്ങളിൽ പൊതുജനാരോഗ്യകേന്ദ്രങ്ങൾ എന്നിവയാണ് കുടുംബശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

<u>ശ്രീമതി ആർ. ലതാദേവി</u> : സർ, വനിതകൾക്കുവേണ്ടിയുള്ള സ്വയം തൊഴിൽ പദ്ധതി പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നമ്മുടെ സംസ്ഥാനത്ത് ഇതിനകം എത്രമാത്രം സ്വയംസഹായസംഘങ്ങൾ ആരംഭിക്കാൻ സാധിച്ചുവെന്നും അതിലൂടെ എത്രമാത്രം സ്ത്രീകൾക്ക് തൊഴിലവസരങ്ങളുണ്ടാക്കാൻ കഴിഞ്ഞുവെന്നുമുള്ളതിന്റെ കണക്ക് ലഭ്യമാക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : സർ, കഴിഞ്ഞ മൂന്നു വർഷമായി 2847 സ്വയം സഹായ സഹകരണ ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. മൂന്ന് വർഷം കൊണ്ട് ഏകദേശം 65,695 പേർക്ക് അതിലൂടെ തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീമതി ആർ. ലതാദേവി</u> : സർ, ജനകീയാസൂത്രണത്തിന്റെ ഭാഗമായി തദ്ദേശ ഭരണസ്ഥാപനങ്ങളുടെ ഘടക പദ്ധതിയിൽപ്പെടുത്തി വനിതകൾക്ക് സ്വയം തൊഴിൽ പരിപാടികൾക്ക് മുൻഗണന കൊടുക്കാൻ ശ്രദ്ധിക്കുമോ? ഇന്ന് സ്വയം സഹായസംഘങ്ങൾ നേരിടുന്ന വലിയ പ്രശ്നം മാർക്കറ്റിംഗ്നേതാണ്. ഇപ്പോൾ അവർക്ക് വിപണികൾ കണ്ടെത്തുന്നതിന് വളരെയധികം പ്രയാസങ്ങളുണ്ട്. എന്റെ മണ്ഡലത്തിലെ സ്ത്രീശക്തി യൂണിറ്റ് അച്ചാർ ഉണ്ടാക്കുന്നത് ആ സംഘത്തിലെ ആളുകൾതന്നെ ഇപ്പോൾ വീതിച്ച് എടുത്തുകൊണ്ടിരിക്കുകയാണ്. മാർക്കറ്റ് കണ്ടെത്താൻ കഴിയുന്ന വിധത്തിൽ നീതി സ്റ്റോറുകൾ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കൺസ്യൂമർ ഫെഡറേഷൻ തുടങ്ങിയ സ്ഥാപനങ്ങളെക്കൊണ്ട് ഈ ഉൽപ്പന്നങ്ങൾ ഏറ്റെടുത്ത് വിൽപ്പിക്കുന്നതിനുള്ള നടപടി ഗവണ്മെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, വിവിധ സ്വയം സഹായ സംഘങ്ങളേയും പഞ്ചായത്തുകളേയും യോജിപ്പിച്ചുകൊണ്ട് ഇവർക്ക് വിപണി കണ്ടെത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : സർ, കഴിഞ്ഞ രണ്ടുവർഷമായി ജനകീയാസൂത്രണ പദ്ധതിയിൽ വനിതാവ്യവസായങ്ങൾക്ക് നീക്കി വച്ച ഇരുന്നൂറ് കോടി രൂപയിൽ ഇരുപതുകോടി രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളുവെന്ന കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? നൂറ്റിയെൺപതു കോടി രൂപ മറ്റ് വകുപ്പുകളിലേക്ക് മാറ്റി ചെലവഴിക്കപ്പെട്ടിരിക്കുന്നു. 1999-2000 വർഷത്തിൽ 100 കോടി രൂപ മാറ്റി വച്ചിട്ടുണ്ട്. ഈ തുക വക മാറി ചെലവഴിച്ചിട്ടുള്ളതു സംബന്ധിച്ച് കോഴിക്കോടുവച്ചു നടന്ന വ്യവസായ വികസന സെമിനാറിൽ ചർച്ച ചെയ്യപ്പെട്ടതാണ്. കഴിഞ്ഞ രണ്ട് വർഷമായി വനിതകൾക്ക് തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി നീക്കിവച്ച തുക വകമാറി ചെലവഴിച്ചുവെന്ന് കണ്ടെത്തി. ആ പണം വനിതകൾക്ക് തൊഴിൽ കണ്ടെത്താനായി ചെലവഴിക്കാൻ മറ്റു സാങ്കേതിക തടസ്സങ്ങളിലെന്ന് തീരുമാനിച്ചതനുസരിച്ച് ആ തുക കൂടി ഉൾപ്പെടുത്തി സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായി ബൃഹത്തായ ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, വനിതകൾക്ക് കൂടുതൽ വ്യവസായ സംരംഭങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടിയാണ് ഈ ഗവണ്മെന്റ് സ്വീകരിച്ചു വരുന്നത്. അതിന്റെ ഭാഗമായിട്ടാണ് ഗ്രാന്റ് ഇൻ എയ്ഡിൽനിന്നും 10 ശതമാനം തുക വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി നീക്കി വച്ചത്. അതിൽ എന്തെങ്കിലും കുറവുണ്ടായിട്ടുണ്ടെങ്കിൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : സർ, വ്യവസായം തുടങ്ങുന്നതിനാവശ്യമായ പരിശീലനം നൽകുന്നതിനുവേണ്ടത്ര സൗകര്യങ്ങളില്ല. പരിശീലനം നൽകുന്നതിനാവശ്യമായ സൗകര്യങ്ങളുണ്ടാക്കാൻ ഗവണ്മെന്റിന്റെ പക്കൽ എന്തെങ്കിലും നിർദ്ദേശങ്ങളുണ്ടോ; ഉണ്ടെങ്കിൽ അവ എന്താണെന്നു വ്യക്തമാക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ബ്ലോക്ക് തലത്തിൽ പരിശീലന പരിപാടി നടത്തി വരുന്നുണ്ട്. കൂടാതെ സമഗ്രമായ പരിശീലന പരിപാടിയെ സംബന്ധിച്ച് ഗവണ്മെന്റ് ആലോചിച്ചുവരികയുമാണ്.

പ്രൊഫ. മീനാക്ഷി തമ്പാൻ : സർ, ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ളതിന്റെ 10 ശതമാനം തുക വനിതകൾക്ക് സ്വയം തൊഴിൽ പദ്ധതിക്ക് ചെലവഴിക്കണമെന്നാണ് വ്യവസ്ഥ. പക്ഷെ 4.4 ശതമാനം തുക മാത്രമേ ചെലവഴിക്കപ്പെട്ടിട്ടുള്ളൂ. ആ തുക മറ്റു വകുപ്പുകളിലേയ്ക്ക് മാറ്റി ചെലവഴിക്കപ്പെടുന്നുണ്ട്. അതല്ലാതെ തന്നെ പണം ചെലവഴിക്കാതെയുമുണ്ട്. ഇത് കണ്ടുപിടിക്കാൻ എന്തെങ്കിലും അസസ്മെന്റ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എന്താണ്?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ത്രിതല പഞ്ചായത്തുകൾ വനിതകൾക്കായി വയബിൾ പ്രോജക്ടുകൾ ഉണ്ടാക്കാത്തതുകൊണ്ടാണ് ഇത്തരം സാഹചര്യമുണ്ടായത്. ഇത് പരിഹരിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. വനിതകൾക്കായി 10 ശതമാനം ഫണ്ട് മാറ്റിവച്ചത് വിനിയോഗിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

പ്രൊഫ. മീനാക്ഷി തമ്പാൻ : സർ, കൺവെൻഷണലായിട്ടുള്ള മേഖല കളിൽനിന്നും പുതിയ തൊഴിൽ മേഖലകളിലേക്ക് സ്ത്രീകളെ കൊണ്ടുവരു ന്നതിനുള്ള ശ്രമങ്ങൾ പലയിടത്തും നടക്കുന്നുണ്ട്. തൃശ്ശൂർ ജില്ലാ പഞ്ചായ ത്തിന്റെ കീഴിൽ വനിതാ മേസ്തിരിമാർക്ക് പരിശീലനം കൊടുക്കുകയും ചെറിയ ചെറിയ കോൺട്രാക്ടുകളെടുത്ത് അവരെക്കൊണ്ട് പണി ചെയ്യിക്കു കയും ചെയ്യുന്ന മാതൃക നമ്മുടെ മുൻപിലുണ്ട്. അതുപോലെ കൺവെൻഷ ണലായ തൊഴിൽ സാദ്ധ്യതകളിൽ നിന്ന് മാറി കാലത്തിനനുസരിച്ചുള്ള പുതിയ തൊഴിൽ മേഖലകളിൽ പരിശീലനം കൊടുക്കാൻ ഗവണ്മെന്റ് തയ്യാറാ കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, തൃശ്ശൂർ ജില്ലയിൽ വനിതകൾക്ക് ബസ് ഓടിക്കാൻ പരിശീലനം കൊടുത്തുകൊണ്ട് ബസ് സർവ്വീസ് നടത്തുന്ന സംവിധാനമുണ്ട്. കൺവെൻഷണൽ തൊഴിലുകളിൽ നിന്ന് വ്യത്യസ്തമായ തൊഴിലവസരങ്ങളുണ്ടാക്കാനുള്ള നടപടി ഗവണ്മെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. പി.എസ്. സുപാൽ : സർ, വനിതകൾക്ക് തൊഴിലവസരം ലഭ്യമാ ക്കുന്ന ധാരാളം പദ്ധതികൾ മാതൃകാപരമായി പല തദ്ദേശ ഭരണ സമിതി കളും നമ്മുടെ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളിലും ഒരുപോലെയാണെന്ന അഭിപ്രായം എനിക്കില്ല. വളരെ വിപുലമായ രീതിയിൽ വനിതകൾക്ക് തൊഴിലവസരങ്ങൾ ലഭിക്കത്തക്കവിധത്തിലുള്ള പദ്ധതികൾ തദ്ദേശ ഭരണസ്ഥാപനങ്ങൾ രൂപീകരിക്കാൻ ഗവണ്മെന്റ് നിർദ്ദേശം നൽകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ആദ്യത്തെ ഒന്നു രണ്ടു വർഷങ്ങ ളിൽ ത്രിതല പഞ്ചായത്തുകൾ വേണ്ടത്ര വയബിൾ പ്രോജക്ടുകൾ ഉണ്ടാക്കി യിരുന്നില്ല. ഇപ്പോൾ അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അതുകൊണ്ടു തന്നെ ഒട്ടേറെ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

ശ്രീ. പി.എസ്. സുപാൽ : സർ, സ്ത്രീശക്തി യൂണിറ്റ് നമ്മുടെ സംസ്ഥാനത്തു വളരെ വ്യാപകമായിട്ടുണ്ട്. വളരെ സജീവമായി പ്രവർത്തിക്കു കയും ചെയ്യുന്നുണ്ട്. അതിലെ ഏറ്റവും വലിയ പ്രശ്നം സാമ്പത്തികപരാധീന തയാണ്. തദ്ദേശഭരണ സമിതികൾ അക്കാര്യത്തിൽ ശ്രദ്ധിക്കുന്നില്ല എന്നല്ല. അവയ്ക്ക് വേണ്ടത്ര ഫലപ്രദമായ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്ന കാര്യം ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഇപ്പോൾത്തന്നെ സാമ്പത്തിക സഹാ യത്തിനുള്ള അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്. റിവോൾവിംഗ് ഫണ്ട് രൂപീ കരിച്ചിട്ടുണ്ട്. ബാങ്കുകൾ ഒട്ടേറെ സഹായം ചെയ്യാനുള്ള നടപടിയെടുത്തി ട്ടുണ്ട്.

ശ്രീ. പി. നാരായണൻ : സ്ത്രീകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി നൽകി വരുന്ന ധനസഹായം യഥാസമയം കിട്ടുന്നില്ലെന്ന പരാതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് കൃത്യസമയത്ത് ലഭിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചു വെന്ന് വ്യക്തമാക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : അങ്ങനെയൊരു പരാതി കിട്ടിയിട്ടില്ല. തീർച്ചയായും അങ്ങനെ പരാതിയുണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. നാരായണൻ : സ്ത്രീകൾക്കുള്ള സ്വയംസഹായ പദ്ധതികൾ പ്രകാരം യൂണിറ്റുകൾക്കുള്ള ധനസഹായം അപര്യാപ്തമാണെന്നുള്ള കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് വർദ്ധിപ്പിക്കാനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ : ഇപ്പോൾ ധനസഹായം അപര്യാപ്തമാണെന്ന് തോന്നുന്നില്ല. അതുകൊണ്ട് അത് വർദ്ധിപ്പിക്കാനുള്ള നടപടികൾ ഇപ്പോൾ സ്വീകരിക്കാൻ കഴിയുകയില്ല.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : കുണ്ടുകുഴി പാടത്ത് ഡി.ഡബ്ല്യു.സി. ആർ.എ. യൂണിറ്റിന് കെട്ടിടം നിർമ്മിക്കാൻ അനുവാദം മൂന്നുവർഷമായിട്ടും ലഭിച്ചിട്ട് ഒരു കല്ലുപോലുമിറക്കാൻ കഴിയാത്ത സാഹചര്യം നിലവിലുള്ളത് നീക്കാൻ ഇതുവരെ കൈക്കൊണ്ടതിൽ നിന്നും വ്യത്യസ്തമായി അക്ഷരാർത്ഥത്തിൽത്തന്നെ ശക്തമായ നടപടി കൈക്കൊള്ളുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : അത് അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. രാജു എബ്രഹാം : തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി വായ്പകൾ അനുവദിക്കുമ്പോൾ സാധാരണഗതിയിൽ സ്ത്രീകൾ ആദ്യം ആലോചിക്കുന്നത് എന്തെങ്കിലുമൊരു പലഹാര യൂണിറ്റ് തുടങ്ങാമെന്നാണ്. ഇതിനുള്ള മാർക്കറ്റിന്റെ പ്രശ്നം ഇവിടെ പറഞ്ഞു. മാർക്കറ്റിംഗ് സംവിധാനമില്ല. കേരളം ഒരു കൺസ്യൂമർ സ്റ്റേറ്റാണ്. ബൂസ്റ്റ്, ഹോർലിക്സ് തുടങ്ങിയ സാധനങ്ങൾ ഉണ്ടാക്കുന്ന പ്രോഡക്ടുകൾ നമ്മുടെ സ്റ്റേറ്റിൽ ഉണ്ടാക്കാൻ കഴിയുന്ന രൂപത്തിൽ, ഒരു വൻകിട യൂണിറ്റ് ആരംഭിക്കുന്നതരത്തിലുള്ള പദ്ധതി ആവിഷ്ക്കരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : വൻകിട യൂണിറ്റുകൾ ആരംഭിക്കുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ടുകളുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതിനെപ്പറ്റി പരിശോധിക്കുന്നതാണ്.

ശ്രീമതി ശോഭനാ ജോർജ്ജ് : ദാരിദ്ര നിർമ്മാർജ്ജനത്തിനാണ് സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുള്ളതെങ്കിലും സ്വയം തൊഴിൽ ചെയ്യുമ്പോൾ കൂടുതൽ ദാരിദ്ര്യം ഏറ്റ് വാങ്ങുന്ന നിലയിലാണ് അതിന്റെ പ്രവർത്തനങ്ങൾ നീങ്ങുന്നത്. അതുകൊണ്ട് അതിനെക്കുറിച്ച് ഒരു പഠനം നടത്തുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിക്കുമോ? അതുപോലെ സോഫ്റ്റ് വെയർ രംഗത്ത്, ഇൻഫർമേഷൻ ടെക്നോളജി രംഗത്ത് സ്ത്രീകൾക്ക് പരിശീലനം കൊടുക്കുന്നതിന് ഒരു ബൃഹത്തായ പദ്ധതി ആവിഷ്ക്കരിക്കുന്നതിന് ഗവണ്മെന്റ് സന്നദ്ധമാകുമോ?

ശ്രീമതി ശോഭനാ ജോർജ്ജ് : ദാരിദ്ര്യ നിർമ്മാർജ്ജനത്തിനാണ് സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുള്ളതെങ്കിലും സ്വയംതൊഴിൽ ചെയ്യുമ്പോൾ കൂടുതൽ ദാരിദ്ര്യം ഏറ്റ് വാങ്ങുന്ന നിലയിലാണ് അതിന്റെ പ്രവർത്തനങ്ങൾ നീങ്ങുന്നത്. അതുകൊണ്ട് അതിനെക്കുറിച്ച് ഒരു പഠനം നടത്തുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിക്കുമോ? അതുപോലെ സോഫ്റ്റ് വെയർ രംഗത്ത്, ഇൻഫർമേഷൻ ടെക്നോളജി രംഗത്ത് സ്ത്രീകൾക്ക് പരിശീലനം കൊടുക്കുന്നതിന് ഒരു ബൃഹത്തായ പദ്ധതി ആവിഷ്ക്കരിക്കുന്നതിന് ഗവൺമെന്റ് സന്നദ്ധമാകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : ദാരിദ്ര്യ നിർമ്മാർജ്ജനപദ്ധതി നടപ്പിലാക്കുമ്പോൾ ദാരിദ്ര്യം വർദ്ധിക്കുന്നുവെന്നുള്ള ബഹുമാനപ്പെട്ട മെമ്പറുടെ വാദം

ശരിയല്ല. ദാരിദ്ര്യം കുറഞ്ഞുവരുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു പോലെ സോഫ്റ്റ് വെയറിലും കമ്പ്യൂട്ടർ ട്രെയിനിംഗിലുമൊക്കെ വനിതകൾക്ക് കൂടുതൽ പരിശീലനം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. കെ. രാജേന്ദ്രൻ</u> : നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന പദ്ധതികൾക്ക് വിവിധ തരത്തിലുള്ള സബ്സിഡികൾ നൽകിവരുന്നുണ്ട്. കേന്ദ്രഗവണ്മെന്റിന്റെ പുതിയ നിയമമനുസരിച്ച് സബ്സിഡികൾ നൽകിവരുന്നുണ്ട്. കേന്ദ്ര ഗവണ്മെന്റിന്റെ പുതിയ നിയമമനുസരിച്ച് സബ്സിഡികൾ വെട്ടിക്കുറയ്ക്കുകയും നിറുത്തലാക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികളെ അത് എങ്ങനെ പ്രതികൂലമായി ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; അങ്ങനെ സംഭവിച്ചാൽ അത് പരിഹരിക്കുന്നതിനുള്ള നടപടികളെക്കുറിച്ച് ഗവണ്മെന്റ് ആലോചിച്ചിട്ടുണ്ടോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : ഇപ്പോൾ ഈ പദ്ധതി നടപ്പിലാക്കുന്നതിൽ സബ്സിഡി വെട്ടിക്കുറയ്ക്കുമെന്നുള്ള വിവരം ലഭ്യമായിട്ടില്ല. സബ്സിഡി വെട്ടിക്കുറയ്ക്കുകയാണെങ്കിൽ പദ്ധതി മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള നടപടി ഗവണ്മെന്റ് സ്വീകരിക്കുന്നതാണ്.

<u>ശ്രീമതി റോസമ്മ ചാക്കോ</u> : ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി വളരെയേറെ പദ്ധതികൾ നമ്മൾ ആസൂത്രണം ചെയ്തിട്ടുണ്ട്, പ്രത്യേകിച്ച് പഞ്ചായത്തുകൾ വഴി. ഈ പദ്ധതി രൂപീകരണ സമയത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എത്ര കുടുംബങ്ങളിലെ വനിതകൾ ഈ പദ്ധതികൾ ഏറ്റെടുക്കണമെന്നും അത് എത്രമാത്രം ഭൗതികലക്ഷ്യം നേടി എന്നുമുള്ളതിന്റെ കണക്ക് സർക്കാരിന്റെ കൈവശമുണ്ടോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സ്ത്രീകൾക്ക് കൂടുതൽ പ്രാധാന്യം കൊടുക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്. അതിന്റെ ഭൗതികനേട്ടം കൃത്യമായി വിലയിരുത്തിയിട്ടില്ല.

<u>ശ്രീ. പി. വിശ്വൻ</u> : മാർക്കറ്റിംഗിന് ബുദ്ധിമുട്ടില്ലാത്ത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന പദ്ധതികൾക്ക് അംഗീകാരം കൊടുക്കുകയെന്നുള്ളതിലേക്ക് സർക്കാർ എത്തേണ്ടതായിട്ടുണ്ട്. ഡയമണ്ട് കട്ടിംഗ്, റെഡിമെയ്ഡ് തുടങ്ങിയ വനിതകൾക്ക് തൊഴിൽ കിട്ടാൻ സാദ്ധ്യതയുള്ള മേഖലകളാണ്. സ്റ്റേറ്റിന് പുറത്തും ഗൾഫ് മേഖലയിലും ബ്രിട്ടൺ മുതലായ രാജ്യങ്ങളിലും ഇതിനുള്ള സാദ്ധ്യതയുണ്ട്. അത്തരം പദ്ധതികൾക്ക് രൂപം കൊടുക്കാനുള്ള നിർദ്ദേശം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : ഓരോ പ്രദേശത്തിന്റെയും സാദ്ധ്യത ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ഈ പദ്ധതികൾ ആവിഷ്ക്കരിക്കുന്നത്. കയറ്റുമതിക്ക് സാദ്ധ്യതയുള്ള ഉൽപ്പന്നങ്ങളുണ്ടാക്കുന്നതിന് പ്രോത്സാഹകരമായിട്ടുള്ള നടപടികളാണ് ഗവണ്മെന്റ് സ്വീകരിക്കുന്നത്.

<u>ശ്രീ. അടൂർപ്രകാശ്</u> : നമ്മുടെ പഞ്ചായത്തുകളിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സഹകരണ സംഘങ്ങളുണ്ട്. ആ സംഘങ്ങൾക്ക് പ്രത്യേകമായി ബിസിനസ് തുടങ്ങുന്നതിനുവേണ്ടി ആവശ്യമായ സാമ്പത്തിക സഹായം ഇപ്പോൾ ലഭിക്കുന്നില്ല. അത്തരത്തിൽ തുടങ്ങാൻ തയ്യാറായിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്കാവശ്യമായ സാമ്പത്തിക സഹായം മുൻഗണനാക്രമത്തിൽ കൊടുക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ : ഇപ്പോൾത്തന്നെ സാമ്പത്തിക സഹായം നൽകുന്നുണ്ട്. അത് സമയത്ത് കിട്ടുന്നില്ലെന്നുള്ള പരാതിയുണ്ടെങ്കിൽ അത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : സാധാരണ സ്ത്രീകളുടെ പ്രശ്നമാണ് ഇവിടെ പ്രധാനമായും ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. എനിക്ക് ചോദിക്കാനുള്ളത് അവിവാഹിതരായ അമ്മമാരുടെ കാര്യമാണ്; പ്രത്യേകിച്ച് ആദിവാസി മേഖലയിലെ അവിവാഹിതരായ അമ്മമാരുടെ പ്രശ്നമാണ്. അത്തരം സ്ത്രീകളുടെ പുനരധിവാസത്തിനും അവരുടെ ജീവിതം മുന്നോട്ടു നയിക്കുന്നതിനും ഉതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : അതിനാവശ്യമായ ഒരു പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. അവർക്ക് വീട് കൊടുക്കാനും അവരുടെ കുട്ടികളെ നല്ല രീതിയിൽ വിദ്യാഭ്യാസം ചെയ്യിക്കാനും അവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യവസായ വകുപ്പുതന്നെ അവർക്ക് വേണ്ടിയുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : സംസ്ഥാനത്ത് 10 ശതമാനം മാത്രം തുക വനിതാ വ്യവസായ പരിശീലനത്തിന് നീക്കിവച്ചത് അപര്യാപ്തമാണ്. സേവനമേഖലയിൽ കൂടിയുള്ള പണം ഈ വ്യവസായങ്ങൾക്ക് ഉൾപ്പെടുത്തിക്കൊണ്ട് വളരെ വയബിളായ മേജർ പ്രോജക്ടുകൾ വ്യക്തികൾക്ക് നൽകാതെ, വനിതാ വ്യവസായസംഘങ്ങൾ രൂപീകരിച്ച് നൽകിയെങ്കിൽ മാത്രമേ അത് പ്രായോഗികമാകുകയുള്ളൂ. വിപണി കണ്ടെത്താനും സാധനങ്ങളുടെ മാർക്കറ്റിംഗിനും പ്രൊഡക്ഷനും അത് ഉപകരിക്കുകയും ചെയ്യും. അതുകൊണ്ട് മേജർ പ്രോജക്ട്സിന് പ്രയോറിറ്റി നൽകാനുള്ള നിർദ്ദേശം സർക്കാർ നൽകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : ഇപ്പോൾ നടപ്പിലാക്കുന്ന പദ്ധതികളിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ മനസ്സിലാക്കി അവ കുറെക്കൂടി വയബിളാക്കാനുള്ള നടപടികളാണ് ഗവണ്മെന്റ് സ്വീകരിക്കുന്നത്. അതുകൊണ്ടുതന്നെ ഇപ്പോഴുള്ള കുറവുകൾ പരിഹരിച്ചുകൊണ്ട് മേജർ പ്രൊജക്ടുകൾ തുടങ്ങാൻ കഴിയുമോയെന്നുള്ളത് പരിശോധിക്കാവുന്നതാണ്.

2 (*122) ചെറുകിട വ്യവസായിക ഉൽപ്പന്നങ്ങളുടെ വിപണനം

ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട വ്യവസായികൾ ഇന്ന് നേരിടുന്ന മുഖ്യപ്രശ്നങ്ങളിലൊന്ന് വിപണനത്തിന്റേതാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ചെറുകിട വ്യവസായ സംരംഭകരുടെ ഉൽപ്പന്നങ്ങൾക്ക് വിപുലമായ വിപണന ശൃംഖല കണ്ടെത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; വിശദാംശം വെളിപ്പെടുത്തുമോ;